**മധുരമായ കുട്ടികളേ - ബാബയിൽ നിന്നും കറന്റ്(ശക്തി) നേടണമെങ്കിൽ സേവനത്തിൽ മുഴുകിയിരിക്കണം, ഏതു കുട്ടികളാണോ സർവ്വതും ത്യാഗം ചെയ്ത് ബാബയുടെ സേവനത്തിൽ മുഴുകിയിരിക്കുന്നത് അവരാണ് പ്രിയപ്പെട്ടവർ, അവർക്കാണ് ബാബയുടെ ഹൃദയത്തിൽ സ്ഥാനം ലഭിക്കുക**

**ചോദ്യം:-** കുട്ടികൾക്ക് സ്ഥിരമായ സന്തോഷം ഉണ്ടാകാതിരിക്കാനുള്ള മുഖ്യമായ കാരണം എന്താണ്?
**ഉത്തരം:-** ഓർമ്മിക്കുന്ന സമയത്ത് ബുദ്ധി അലയുന്നു, സ്ഥിരബുദ്ധി അല്ലാത്തതു കാരണം സന്തോഷത്തോടെയിരിക്കാൻ സാധിക്കുന്നില്ല. മായയുടെ കൊടുങ്കാറ്റ് ദീപങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഏതുവരെ കർമ്മം അകർമ്മം ആകുന്നില്ലയോ അതുവരെയ്ക്കും സ്ഥിരമായ സന്തോഷം ഉണ്ടാവുകയില്ല. അതുകൊണ്ട് കുട്ടികൾക്ക് ഈയൊരു പ്രയത്നം തന്നെയാണ് ചെയ്യേണ്ടത്.

**ഓം ശാന്തി**. എപ്പോഴാണോ ഓം ശാന്തി എന്നു പറയുന്നത് അപ്പോൾ വളരെ ഉല്ലാസത്തോടെ പറയണം ഞാൻ ആത്മാവ് ശാന്തസ്വരൂപമാണ്. അർത്ഥം എത്ര സഹജമാണ്. ബാബയും പറയും ഓം ശാന്തി. ദാദയും(ബ്രഹ്മാവ്) ഓം ശാന്തിയെന്നു പറയും. ബാബ ഞാൻ പരമാത്മാവാണെന്നു പറയുന്നു, ദാദ ഞാൻ ആത്മാവെന്നു പറയുന്നു. നിങ്ങൾ എല്ലാവരും നക്ഷത്രങ്ങളാണ്. എല്ലാ നക്ഷത്രങ്ങൾക്കും അച്ഛൻ ആവശ്യമാണ്. ഇങ്ങനെയൊരു മഹിമയുണ്ട് സൂര്യൻ, ചന്ദ്രൻ, ഭാഗ്യ നക്ഷത്രങ്ങൾ. നിങ്ങൾ കുട്ടികൾ വളരെയധികം ഭാഗ്യശാലിയായ നക്ഷത്രങ്ങളാണ്. അതിലും നമ്പർവൈസാണ്. എങ്ങനെയാണോ രാത്രിയിൽ ചന്ദ്രനുദിക്കുന്നത്, ചില നക്ഷത്രങ്ങൾ മങ്ങിയ പ്രകാശം നൽകുന്നു ചിലത് വളരെ തീവ്രമായ പ്രകാശം നൽകുന്നു. ചില നക്ഷത്രങ്ങൾ ചന്ദ്രന്റെ മുന്നിലായിരിക്കും. നക്ഷത്രങ്ങളല്ലേ. നിങ്ങളും നക്ഷത്രങ്ങളാണല്ലോ. ഭൃകുടി മദ്ധ്യത്തിൽ തിളങ്ങുന്ന അത്ഭുതകരമായ നക്ഷത്രം. ബാബ പറയുന്നു ഈ നക്ഷത്രങ്ങൾ (ആത്മാക്കൾ) വളരെ അത്ഭുതകരമാണ്. ആർക്കും അറിയാത്ത വളരെ ചെറിയ പ്രകാശ ബിന്ദു. ആത്മാവ് ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നു. ഇത് വളരെ അത്ഭുതമാണ്. അതുപോലെ നിങ്ങൾ കുട്ടികളിലും നമ്പർവൈസാണ്. ഓരോരുത്തരും പലതരത്തിലാണ്. ഏതു നക്ഷത്രമാണോ വളരെ നല്ല രീതിയിൽ തിളങ്ങുന്നത് ബാബ അവരെ ഓർമ്മിക്കുന്നു, ആരാണോ നന്നായി സേവനം ചെയ്യുന്നത് അവർക്ക് കറന്റ്(ശക്തി) ലഭിക്കുന്നു. നിങ്ങളുടെ ബാറ്ററി നിറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് തമോപ്രധാന അവസ്ഥയിൽ നിന്നും സതോപ്രധാനമായിത്തീരുന്നതിനുള്ള സെർച്ച്ലൈറ്റ് ലഭിക്കുന്നു. ബാബ പറയുന്നു ആരാണോ എന്റെ സേവാർത്ഥം സർവ്വതും ത്യാഗം ചെയ്ത് സേവനത്തിൽ മുഴുകുന്നത്, അവരാണ് വളരെ നല്ല പ്രിയപ്പെട്ടവരായ കുട്ടികൾ. അവർക്കാണ് ബാബയുടെ ഹൃദയത്തിലും സ്ഥാനമുണ്ടാവുക. ബാബ ഹൃദയത്തെ കവരുന്നവനല്ലേ. അതിന്റെ ഓർമ്മചിഹ്നമാണ് ദിൽവാലാ ക്ഷേത്രം. ദിൽവാലാ അർത്ഥം ഹൃദയേശ്വരന്റെ ക്ഷേത്രം. ആരുടെ ഹൃദയത്തെയാണ് കവരുന്നത്? നിങ്ങൾ കാണുന്നുണ്ടല്ലോ. പ്രജാപിതാവായ ബ്രഹ്മാവുമുണ്ടല്ലോ. തീർച്ചയായും അവരിലാണ് ശിവബാബയുടെ പ്രവേശനമുണ്ടാവുക. പിന്നീട് നിങ്ങൾ കാണുന്നുണ്ടാവും മുകളിലായി സ്വർഗ്ഗത്തിന്റെ സ്ഥാപനയുടെ ചിത്രവും, താഴെയായി കുട്ടികൾ തപസ്സിലിരിക്കുന്നുമുണ്ട്. ഇത് ചെറിയൊരു മോഡലാണ് നിർമ്മിച്ചിട്ടുള്ളത്. ആരാണോ നല്ല രീതിയിൽ സേവനം ചെയ്യുന്നവർ, നല്ല സഹയോഗികൾ അവരുടെ മാതൃക. മഹാരഥിയും, കുതിരസവാരിക്കാരും കാലാൾപടയാളികളും. ഈ ക്ഷേത്രം ഓർമ്മചിഹ്നത്തിന്റെ രൂപത്തിൽ വളരെ കൃത്യമായാണ് ഉണ്ടാക്കിയിട്ടുള്ളത്. നിങ്ങൾ പറയും ഇത് നമ്മുടെ തന്നെ ഓർമ്മചിഹ്നമാണ്. ഇപ്പോൾ നിങ്ങൾക്ക് പ്രകാശം ലഭിച്ചു മറ്റാർക്കും തന്നെ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രമില്ല. ഭക്തിമാർഗ്ഗത്തിൽ എന്തെല്ലാം തന്നെയാണോ മനുഷ്യർക്കു കേൾപ്പിച്ചു കൊടുക്കുന്നത് അതെല്ലാം തന്നെ സത്യം-സത്യം എന്നു പറഞ്ഞു വന്നു. വാസ്തവത്തിൽ എല്ലാം തന്നെ അസത്യമാണ് അതിനെ സത്യമെന്നു കരുതുന്നു. ഇപ്പോൾ സത്യമായ ബാബ നിങ്ങളെ സത്യം കേൾപ്പിക്കുന്നു. ഇതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു. ബാബ യാതൊരു പ്രയത്നവും ചെയ്യിപ്പിക്കുന്നില്ല. മുഴുവൻ വൃക്ഷത്തിന്റെയും രഹസ്യം നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങൾക്ക് വളരെ സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. പക്ഷേ എന്തുകൊണ്ട് സമയമെടുക്കുന്നു? ജ്ഞാനം അഥവാ സമ്പത്ത് എടുക്കുന്ന കാര്യത്തിൽ സമയമെടുക്കില്ല. പവിത്രമായിത്തീരുന്നതിലാണ് സമയമെടുക്കുക. ഓർമ്മയുടെ യാത്രയാണ് മുഖ്യം. ഇവിടെ(മധുബനിൽ) നിങ്ങൾ വരുമ്പോൾ ഓർമ്മയാകുന്ന യാത്രയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ നൽകാൻ സാധിക്കുന്നു. വീട്ടിലേക്കു പോയാൽ ഇത്രയും ഉണ്ടായിരിക്കില്ല. ഇവിടെ എല്ലാവരും നമ്പർവൈസാണ്. ആര് ഇവിടെ വന്നാലും അവർക്ക് ബുദ്ധിയിൽ ഈ ലഹരിയുണ്ടാകുന്നു - നമ്മൾ കുട്ടികളാണ് ഇത് അച്ഛനാണ്. പരിധിയില്ലാത്ത അച്ഛനും നമ്മൾ കുട്ടികളുമാണ് ഇവിടെയിരിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ ഈ ശരീരത്തിൽ

വന്നിരിക്കുകയാണ്. ദിവ്യദൃഷ്ടി നൽകിക്കൊണ്ടിരിക്കുന്നു, സേവനം ചെയ്യുന്നു. അപ്പോൾ ആ ബാബയെത്തന്നെ വേണം ഓർമ്മിക്കാൻ. മറ്റൊരു വശത്തേക്കും ബുദ്ധി പോകരുത്. സന്ദേശികൾക്ക് പൂർണ്ണ റിപ്പോർട്ട് നൽകാൻ സാധിക്കുന്നു – ആരുടെ ബുദ്ധിയാണ് പുറമെ അലയുന്നത്, ആര് എന്ത് ചെയ്യുന്നു, ആർക്കാണ് കോട്ടുവാ വരുന്നത് എല്ലാം തന്നെ പറഞ്ഞു തരുന്നു.

ആരാണോ സേവാധാരികളായ നക്ഷത്രങ്ങൾ, അവരെത്തന്നെ ബാബ നോക്കികൊണ്ടിരിക്കുന്നു. ബാബയക്കും സ്നേഹമുണ്ടല്ലോ. സ്ഥാപനയുടെ കാര്യത്തിൽ സഹായിക്കുന്നു. കൽപ്പം മുമ്പത്തേതു പോലെ ഈ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, അനേക തവണ ഉണ്ടായിട്ടുണ്ട്. ഈ ഡ്രാമയുടെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ഇതിൽ ഏതൊരു കാര്യത്തിലും ചിന്തിക്കേണ്ടതായ കാര്യമില്ല. ബാബയുടെ കൂട്ടുണ്ടല്ലോ. അപ്പോൾ ആ കൂട്ടുകെട്ടിന്റെ പ്രഭാവം ഉണ്ടാകുന്നു. ബാബ കുട്ടികൾക്കു വേണ്ടി സ്വർഗ്ഗത്തിന്റെ രാജധാനി കൊണ്ടു വന്നിരിക്കുകയാണ്. കേവലം ഇതാണ് പറയുന്നത് – മധുര–മധുരമായ കുട്ടികളേ പതിതത്തിൽ നിന്നും പാവനമാകുന്നതിനായി ബാബയെ ഓർമ്മിക്കൂ. ഇപ്പോൾ മധുരമായ വീട്ടിലേക്ക് പോകണം. ഇതിനുവേണ്ടിയാണ് ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ധാരാളം കഷ്ടപ്പെട്ടത്. പക്ഷേ ഒരാൾക്കു പോലും തിരികെ വീട്ടിലേക്ക് പോകാൻ സാധിക്കില്ല. ഇപ്പോൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ, സ്വദർശനചക്രം കറക്കിക്കൊണ്ടിരിക്കൂ. അള്ളാഹുവും സമ്പത്തും. ബാബയെ ഓർമ്മിക്കൂ, 84 ജന്മത്തിന്റെ ചക്രത്തെ കറക്കൂ. രചയിതാവിന്റെയും രചനയുടെയും ആദി–മദ്ധ്യ–അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് ആരും തന്നെ അറിയുന്നില്ല. നിങ്ങളും നമ്പർവൈസായ പുരുഷാർത്ഥമനുസരിച്ചാണ് അറിയുന്നത്. അതിരാവിലെ എഴുന്നേറ്റ് ഈയൊരു കാര്യം ബുദ്ധിയിൽ വെക്കണം – ഇപ്പോൾ നമ്മൾ 84 ജന്മത്തിന്റെ ചക്രത്തെ പൂർത്തിയാക്കി ഇനി തിരികെ പോകണം അതുകൊണ്ട് ഇപ്പോൾ ബാബയെ ഓർമ്മിക്കണം എങ്കിൽ ചക്രവർത്തിയായിത്തീരും. ഇത് സഹജമല്ലേ. പക്ഷേ മായ നിങ്ങളെ മറപ്പിക്കുന്നു. മായയുടെ കൊടുങ്കാറ്റല്ലേ, അത് ദീപത്തെ ബുദ്ധിമുട്ടിക്കുന്നു. മായ വളരെ വലിയ സമർത്ഥനാണ്. ഇത്രയും ശക്തിയുണ്ട് കുട്ടികളെ അച്ഛന്റെ ഓർമ്മ മറപ്പിക്കുന്നു. അവർക്ക് സ്ഥിരമായ സന്തോഷമുണ്ടായിരിക്കില്ല. നിങ്ങൾ ബാബയെ ഓർമ്മിക്കാനായി ഇരിക്കുന്നു, ഇരുന്നിരുന്ന് ബുദ്ധി മറ്റു വശത്തേക്ക് പോകുന്നു. ഇതെല്ലാം തന്നെ ഗുപ്തമായ കാര്യങ്ങളാണ്. എത്ര തന്നെ പ്രയത്നിച്ചാലും ഓർമ്മിക്കാൻ സാധിക്കില്ല. ചിലരുടെ ബുദ്ധി അലഞ്ഞലഞ്ഞ് പിന്നീട് സ്ഥിരമാകുന്നു. ചിലരുടെ പെട്ടെന്നുതന്നെ സ്ഥിരമാകുന്നു. ചിലരിൽ എത്ര തന്നെ പ്രയത്നിച്ചാലും അവരുടെ ബുദ്ധിയിൽ നിൽക്കില്ല. ഇതിനെയാണ് മായയുടെ യുദ്ധമെന്നു പറയുന്നത്. കർമ്മം അകർമ്മമാക്കി മാറ്റാൻ എത്ര പ്രയത്നിക്കേണ്ടതായി വരുന്നു. അവിടെ രാവണരാജ്യമില്ലാത്തതു കാരണം വികർമ്മം ഉണ്ടാകുന്നില്ല. അരക്കല്പം രാവണരാജ്യമാണ്. രാത്രിയും പകലും. സംഗമയുഗത്തിൽ ബ്രാഹ്മണർ മാത്രമാണ്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർക്ക് അറിയാം രാത്രി പൂർത്തിയായി വീണ്ടും പകൽ ആരംഭിക്കും. ഇത് ശൂദ്രവർണ്ണത്തിലുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല.

മനുഷ്യർ വളരെയധികം ശബ്ദത്തോടെയാണ് ഭക്തിയുടെ ഗീതം പാടുന്നത്. നിങ്ങൾക്ക് ശബ്ദത്തിനും ഉപരി പോകണം. നിങ്ങൾ ബാബയുടെ മാത്രം ഓർമ്മയുടെ ലഹരിയിലിരിക്കുന്നു. ആത്മാവിന് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചു കഴിഞ്ഞു. ആത്മാവിന് അറിയാം ഇപ്പോൾ ബാബയെ ഓർമ്മിക്കണമെന്ന്. ഭക്തിമാർഗ്ഗത്തിൽ ശിവബാബ–ശിവബാബ എന്നു പറഞ്ഞു വന്നു. ശിവന്റെ ക്ഷേത്രത്തിൽ ശിവനെ അച്ഛനെന്നു തീർച്ചയായും പറയുന്നുണ്ട്. ജ്ഞാനമൊന്നും തന്നെയില്ല. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചു. ശിവബാബയുടെ ചിത്രമാണിത്. ഭക്തർ ശിവന്റെ ചിത്രം ശിവലിംഗമാണെന്നു മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ഇതിന്റെ അറിവ് ലഭിച്ചു കഴിഞ്ഞു. അവർ ശിവലിംഗത്തിനു മുകളിലായി അഭിഷേകം നടത്തുന്നു. ബാബ നിരാകാരനാണ്. നിരാകാരന് അഭിഷേകം നടത്തിയിട്ട് എന്തു ചെയ്യാനാണ്. സാകാരത്തിലാണെങ്കിൽ സ്വീകരിക്കാം. നിരാകാരനു മേൽ പാലുകൊണ്ട് അഭിഷേകം നടത്തിയിട്ട് എന്ത് കര്യമാണ്. ബാബ പറയുന്നു, പാലുകൊണ്ട് അഭിഷേകം നടത്തിയിട്ട് അത് കുടിക്കുന്നതും നിങ്ങൾ തന്നെയാണ്. പ്രസാദവും നിങ്ങൾ തന്നെയാണ് കഴിക്കുന്നത്. ഇവിടെ ഞാൻ ഇപ്പോൾ സന്മുഖത്തല്ലേ. മുമ്പ് പരോക്ഷമായി ആയിരുന്നു ചെയ്തിരുന്നത്, ഇപ്പോൾ നേരിട്ട് താഴേക്കു വന്ന് പാർട്ട് അഭിനയിക്കുന്നു. സെർച്ച് ലൈറ്റ് നൽകുന്നു. കുട്ടികൾ മനസ്സിലാക്കുന്നു മധുബനിൽ തീർച്ചയായും ബാബയുടെ അടുത്തേക്ക് വരണമെന്ന്. അവിടെ നമ്മുടെ ബാറ്ററി നല്ല രീതിയിൽ ചാർജ്ജ് ആകുന്നു. വീട്ടിലാണെങ്കിൽ ജോലി കാര്യങ്ങളിൽ അശാന്തി തന്നെ അശാന്തിയായിരിക്കും. ഈ സമയത്ത് മുഴുവൻ വിശ്വത്തിലും അശാന്തിയാണ്. നിങ്ങൾക്ക് അറിയാം ഇപ്പോൾ നാം യോഗബലത്തിലൂടെ ശാന്തി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി പഠിപ്പിലൂടെ രാജ്യപദവി ലഭിക്കുന്നു. കൽപ്പം മുമ്പും നിങ്ങൾ ഇതുപോലെ കേട്ടിരുന്നു, ഇപ്പോഴും കേൾക്കുന്നു. എന്ത് പാർട്ട് നടക്കുന്നോ അത് വീണ്ടും സംഭവിക്കുന്നു. ബാബ പറയുന്നു എത്ര കുട്ടികളാണ് ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഓടിപ്പോയത്. പ്രിയതമനാകുന്ന എന്നെ നിങ്ങൾ ധാരാളം ഓർമ്മിച്ചിരുന്നു. ഇപ്പോൾ

ഞാൻ വന്നപ്പോൾ എന്നെ ഉപേക്ഷിച്ച് പോകുന്നു. മായ എങ്ങനെയാണ് പ്രഹരിക്കുന്നത്. ബ്രഹ്മാബാബ അനുഭവിയാണല്ലോ. ബാബയ്ക്ക് തന്റെ മുഴുവൻ ചരിത്രവും ഓർമ്മയിലുണ്ട്. തലയിൽ തൊപ്പിയും വെച്ച്, ചെരുപ്പിടാത്ത കാലുകൾകൊണ്ട് ഓടുമായിരുന്നു. മുസ്ലീം സഹോദരന്മാരും ബാബയെ വളരെയധികം സ്നേഹിച്ചിരുന്നു. വളരെ സത്കരിച്ചിരുന്നു. ഞങ്ങളുടെ മാസ്റ്ററുടെ കുട്ടി വന്നു അർത്ഥം ഗുരുവിന്റെ കുട്ടി വന്നു എന്നു പറയുമായിരുന്നു. ബാർളി ബർഫി കൊടുക്കുമായിരുന്നു. ഇവിടെയും ബാബ 15 ദിവസം ഈ ബർഫിയും മോരും മാത്രം കഴിക്കുന്നതിന്റെ ഒരു പരിപാടി വച്ചിരുന്നു. വേറൊന്നും തന്നെ ആ ദിവസങ്ങളിൽ ഉണ്ടാക്കിയിരുന്നില്ല. അസുഖമുള്ളവർക്കും ഇതു തന്നെയായിരുന്നു നൽകിയിരുന്നത്. ആർക്കും ഒന്നും തന്നെ സംഭവിച്ചില്ല. അസുഖമുള്ള കുട്ടികൾ പോലും ആരോഗ്യശാലികളായി. ആസക്തിയെല്ലാം തന്നെ ഇല്ലാതായോ എന്ന് പരീക്ഷിച്ചതായിരുന്നു. ഇതു വേണ്ട ഇതുതന്നെ വേണം, വേണം എന്ന ആഗ്രഹത്തെയാണ് ജമാദാർ എന്ന് പറയുന്നത്. ഇവിടെ ബാബ പറയാറുണ്ട്, യാചനയെക്കാളും മരണമാണ് നല്ലത്. ബാബയ്ക്ക് അറിയാം കുട്ടികൾക്ക് എന്ത് നൽകണമെന്ന്. എന്തെല്ലാം തന്നെ നൽകണമോ അത് സ്വയം തന്നെ നൽകുന്നു. ഇതെല്ലാം തന്നെ ഉണ്ടാക്കപ്പെട്ടിട്ടുള്ള നാടകമാണ്.

ബാബ ഒരിക്കൽ ചോദിച്ചിരുന്നു ആരാണോ ബാബയെ അച്ഛനെന്നും, കുട്ടിയെന്നും മനസ്സിലാക്കുന്നത് അവർ കൈ ഉയർത്തൂ. അപ്പോൾ എല്ലാവരും കൈ ഉയർത്തി. കൈകൾ പെട്ടെന്ന് ഉയർത്തുന്നുണ്ട്. ആരെല്ലാമാണോ ലക്ഷ്മി നാരായണനായി മാറുക എന്നു ബാബ ചോദിക്കുമ്പോൾ, പെട്ടെന്നു തന്നെ കൈ ഉയർത്തുന്നതുപോലെ. ബാബ നമ്മുടെ പാരലൗകിക സന്താനവുമാണ്, മാതാ-പിതാവിന്റെ ധാരാളം സേവനം ചെയ്യുന്നുണ്ട്. 21 ജന്മത്തേക്ക് സമ്പത്തിന്റെ അധികാരിയാക്കി മാറ്റുന്നുമുണ്ട്. അച്ഛൻ വാനപ്രസ്ഥ അവസ്ഥയിലേക്കു പോകുമ്പോൾ കുട്ടികളുടെ കടമയാണ് അച്ഛനെ സംരക്ഷിക്കുക എന്നുള്ളത്. അവർ സന്യാസിയായിത്തീരുന്നു. എങ്ങനെയാണോ ബ്രഹ്മാബാബയുടെ ലൗകിക പിതാവിന് വാനപ്രസ്ഥ അവസ്ഥയായപ്പോൾ പറഞ്ഞു ബനാറസിൽ പോയി സത്സംഗത്തിലിരിക്കണം, എന്നെ അങ്ങോട്ട് കൊണ്ടുപോകൂ എന്ന് പറഞ്ഞു. (ചരിത്രം കേൾപ്പിക്കുന്നു) നിങ്ങൾ ബ്രാഹ്മണരാണ് പ്രജാപിതാ ബ്രഹ്മാകുമാരന്മാരും-കുമാരിമാരും. പ്രജാപിതാ ബ്രഹ്മാവ് ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറാണ് (മുതുമുത്തശ്ശൻ) മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ഏറ്റവും ആദ്യത്തെ ഇലയാണ്. ഇദ്ദേഹത്തെ ഒരിക്കലും ജ്ഞാനസാഗരൻ എന്നു പറയില്ല. ബ്രഹ്മാവും വിഷ്ണുവും ശങ്കരനും ജ്ഞാനസാഗരനല്ല. ശിവബാബ പരിധിയില്ലാത്ത അച്ഛനാണ് അപ്പോൾ ആ ബാബയിൽ നിന്നല്ലേ സമ്പത്ത് ലഭിക്കേണ്ടത്. ആ നിരാകാരനായ പരമപിതാപരമാത്മാവ് എപ്പോൾ വന്നു, എങ്ങനെ വന്നു... ബാബയുടെ ജയന്തി ആഘോഷിക്കുന്നുണ്ട്. എന്നാൽ ഇതാർക്കും തന്നെ അറിയില്ല. ബാബ ഒരിക്കലും ഗർഭത്തിലേക്ക് വരുന്നില്ല. ഞാൻ ഇതിൽ പ്രവേശിക്കുകയാണ്. വളരെ ജന്മങ്ങളുടെ അന്തിമ ശരീരത്തിൽ വാനപ്രസ്ഥ അവസ്ഥയിലാണ് വരുന്നത്. മനുഷ്യർ സന്യസിക്കുമ്പോൾ അവരുടെ വാനപ്രസ്ഥ അവസ്ഥ എന്നു പറയുന്നു. ഇപ്പോൾ ബാബ നിങ്ങളോട് പറയുന്നു - കുട്ടികളേ നിങ്ങൾ പൂർണ്ണമായും 84 ജന്മങ്ങൾ എടുത്തു കഴിഞ്ഞു, ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. ഇതിന്റെ കണക്ക് അറിയാമല്ലോ. ബാബ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു, ഇദ്ദേഹത്തിന്റെ ആത്മാവ് എവിടെയാണോ ഇരിക്കുന്നത് അതിന്റെ തൊട്ടടുത്തു തന്നെ ഞാനും ഇരിക്കുന്നു. എങ്ങനെയാണോ ഗുരുക്കന്മാർ തന്റെ ശിഷ്യനെ അടുത്ത് പീഠത്തിൽ ഇരുത്തുന്നത്. ഇദ്ദേഹത്തിന്റെ സ്ഥാനവും എന്റെ സ്ഥാനവും ഇവിടെത്തന്നെയാണ്. പറയുന്നു - അല്ലയോ ആത്മാക്കളേ, എന്നെ ഓർമ്മിക്കൂ എന്നാൽ പാപം നശിക്കുന്നു. മനുഷ്യനിൽ നിന്നും ദേവതയായി മാറേണ്ടേ. ഇത് രാജയോഗമാണ്, പുതിയ ലോകത്തിനുവേണ്ടി തീർച്ചയായും രാജയോഗം ആവശ്യമാണ്. ബാബ പറയുന്നു ഞാൻ വരുന്നതു തന്നെ ആദി സനാതാ ദേവതാ ധർമ്മത്തിന്റെ അടിത്തറ പാകാനാണ്. ഗുരുക്കന്മാർ അനേകരുണ്ട് സദ്ഗുരു ഒരാൾ മാത്രമാണ്. ബാബ മാത്രമാണ് സത്യം ബാക്കിയെല്ലാം അസത്യമാണ്.

നിങ്ങൾക്കറിയാം ഒന്ന് രുദ്രമാലയാണ്, മറ്റൊന്ന് വൈജയന്തി അഥവാ വിഷ്ണുവിന്റെ മാലയാണ്. അതിനുവേണ്ടിയാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത്, ബാബയെ ഓർമ്മിക്കൂ എന്നാൽ മാലയിലെ മുത്തായിത്തീരും. ഏതൊരു മാലയെയാണോ നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ സ്മരിച്ചത്, പക്ഷേ അറിയുമായിരുന്നില്ല ഈ മാല ആരുടേതാണെന്ന് മുകളിലുള്ള പുഷ്പമാരാണ്, താഴെയുള്ള ഇരട്ടമുത്തുകളാരാണ്, അതിലുള്ള മുത്തുകൾ ആരൊക്കെയാണെന്ന്? ഏതു മാലയാണ് ജപിച്ചത് എന്നൊന്നും തന്നെ അറിയുമായിരുന്നില്ല. വെറുതെ രാമ-രാമ എന്നു പറഞ്ഞ് മാല ജപിച്ചു വന്നു. രാമ-രാമ എന്നു പറയുന്നതിലൂടെ മനസ്സിലാക്കുന്നു, എല്ലാം രാമൻ തന്നെ രാമനാണെന്ന്. സർവ്വവ്യാപിയെന്ന കാര്യത്തിന്റെ അന്ധകാരം ഇതിൽ നിന്നാണ് ഉണ്ടായത്. മാലയുടെ അർത്ഥം തന്നെ മനസ്സിലാക്കുന്നില്ല. ചിലർ പറയുന്നു 100 മാല ജപിക്കൂ.... ഇത്ര മാല ജപിക്കൂ. ബ്രഹ്മാ ബാബ ഇതിന്റെ അനുഭവിയാണ്. 12 ഗുരുക്കന്മാരെ സ്വീകരിച്ചു, 12 പേരുടെയും അനുഭവം നേടി. സ്വന്തം ഗുരു ഉണ്ടായിട്ടും എന്തെങ്കിലും അനുഭൂതി ലഭിക്കുന്നതിനായി മറ്റുള്ള ഗുരുക്കന്മരെയും

സ്വീകരിക്കുന്നവർ ധാരാളം പേരുണ്ട്. മാല ജപിച്ചുകൊണ്ടിരിക്കുന്നു, തീർത്തും അന്ധവിശ്വാസമാണ്. മാല ജപിച്ച് പൂർത്തിയാക്കിയതിനുശേഷം പുഷ്പത്തിനെ നമസ്കരിക്കുന്നു. ശിവബാബ പുഷ്പമല്ലേ. നിങ്ങൾ അനന്യ സന്താനങ്ങളാണ് മാലയിലെ മുത്തായി മാറുക. നിങ്ങളെത്തന്നെയാണ് സ്മരിക്കുന്നതും. അവർക്ക് ഒന്നും തന്നെ അറിയില്ല. ചിലർ രാമനെ ഓർമ്മിക്കുന്നു, മറ്റുചിലർ കൃഷ്ണനെ ഓർമ്മിക്കുന്നവരുണ്ട് പക്ഷേ അർത്ഥം ഒന്നും തന്നെ അറിയുന്നില്ല. ശ്രീകൃഷ്ണ ശരണം എന്ന് പറയുന്നുണ്ട്. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനായിരുന്നു. എങ്ങനെ കൃഷ്ണന്റെ അഭയം പ്രാപിക്കാൻ സാധിക്കും? ബാബയ്ക്കു മാത്രമേ അഭയം നൽകാൻ സാധിക്കൂ. നിങ്ങൾ തന്നെയാണ് പൂജ്യ അവസ്ഥയിൽ നിന്നും പൂജാരിയിത്തീരുന്നത്. 84 ജന്മങ്ങളെടുത്ത് പതിതമായിരിക്കുകയാണ് അതുകൊണ്ടാണ് ബാബയോട് പറയുന്നത്, അല്ലയോ പുഷ്പമേ ഞങ്ങളെയും തനിക്കു സമാനമാക്കി മാറ്റൂ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

### ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1. ഏതൊരു പ്രകാരത്തിലുള്ള ആഗ്രഹവും വെക്കരുത്. ആസക്തി ഇല്ലാതാക്കണം. ബാബ എന്ത് കഴിപ്പിക്കുന്നോ... നിങ്ങൾക്കുള്ള നിർദ്ദേശമാണ്, യാചനയെക്കാളും മരണമാണ് നല്ലത്.

2. ബാബയുടെ സർച്ച്ലൈറ്റ് നേടുന്നതിനു വേണ്ടി ഒരേയൊരു ബാബയോട് സത്യമായ സ്നേഹം വെക്കണം. ബുദ്ധിയിൽ ലഹരി വേണം നമ്മൾ കുട്ടികളാണ്, അത് അച്ഛനാണ്. ബാബയുടെ സർച്ചലൈറ്റിലൂടെ നമുക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം.

### വരദാനം:- ദയാഭാവന മുഖേന നിമിത്തഭാവത്തിലൂടെ സേവനം ചെയ്യുന്ന സർവ്വ മമത്വങ്ങളിൽ നിന്നും മുക്തരായി ഭവിക്കട്ടെ.

വർത്തമാന സമയത്ത് സർവ്വാത്മാക്കളും ക്ഷീണിച്ച് നിരാശരായി ദയ യാചിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് താങ്കൾ ദാതാവിന്റെ മക്കൾ തങ്ങളുടെ സഹോദരീ-സഹോദരരിൽ ദയാമനസ്കരാകൂ. ആര് എത്ര തന്നെ മോശക്കാരാകട്ടെ അവരെപ്രതിയും ദയാ ഭാവന വെക്കണം എങ്കിൽ ഒരിക്കലും വെറുപ്പ്, അസൂയ അഥവാ ക്രോധത്തിന്റെ ഭാവന വരികയില്ല. ദയാ ഭാവന സഹജമായി നിമിത്തഭാവന പുറത്ത് കൊണ്ടുവരുന്നു, മമത്വത്തിലൂടെ ദയയല്ല മറിച്ച് സത്യമായ ദയ മമത്വ മുക്തരാക്കുന്നു, എന്തുകൊണ്ടെന്നാൽ അവരിൽ ദേഹബോധം ഉണ്ടായിരിക്കില്ല.

### സ്ലോഗൻ:- മറ്റുള്ളവർക്ക് സഹയോഗം കൊടുക്കുക തന്നെയാണ് സ്വയത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുക.